4050
9/4/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - 42 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി - അങ്കണവാടികളുടെ പട്ടിക ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം. 167/2015/സാനീവ** **തീയതി, തിരുവനന്തപുരം:**24.03.2015

---

**പരാമർശം :** (1) 05.08.2014 - ലെ സ.ഉ(സാധാ)നം.485/2014/സാനീവ. നമ്പർ ഉത്തരവ്
(2) 20.02.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS/എ7-18498/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2014-15 സാമ്പത്തിക വർഷത്തിൽ 4235-02-102-96(P) ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 4,89,72,000/- രൂപ വിനിയോഗിച്ച് സംസ്ഥാനത്താകെയായി 42 അങ്കണവാടികൾ നിർമ്മിക്കുന്നതിന് അനുമതി നൽകി കൊണ്ടും 42 അങ്കണവാടികളുടെ പട്ടിക അംഗീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി പട്ടികയിലെ ക്രമ നമ്പർ 3 - ലെ പഞ്ചായത്തിന്റെ പേര് തിരുവനന്തപുരം എന്നത് തിരുപുറം എന്നാക്കിയും ക്രമ നമ്പർ 8 - ലെ വെള്ളനാട് പ്രോജക്ടിലെ പൂവച്ചൽ പാഞ്ചായത്തിലെ 70-ാം നമ്പർ അങ്കണവാടി എന്നത് ടി പ്രോജക്ടിലെ കുറ്റിച്ചൽ പഞ്ചായത്തിലെ 126-ാം നമ്പർ അങ്കണവാടി എന്നാക്കിയും ക്രമ നമ്പർ 31- ലെ അങ്കമാലി (അഡീഷണൽ) പ്രോജക്ടിലെ തുറവൂർ പഞ്ചായത്തിലെ 62-ാം നമ്പർ അങ്കണവാടി എന്നത് ടി പ്രോജക്ടിലെ കാഞ്ഞൂർ പഞ്ചായത്തിലെ 3-ാം നമ്പർ അങ്കണവാടി എന്നാക്കിയും ഭേദഗതി വരുത്തിയിട്ടുണ്ടെന്നും ടി നടപടി സാധുകരിക്കണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അങ്കണവാടികളുടെ പട്ടികയിൽ മേൽപറഞ്ഞ പ്രകാരം മാറ്റം വരുത്തിയ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധുകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശത്തിലെ ഉത്തരവ് മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ